# പൂർണശ്രീ

പുസ്തകം 18 ലക്കം 5 മെയ് 2024 വില ₹ 5

ടിബിഎസ് പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്– പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം



## ലീലാ സർക്കാർ

## മൊഴിമാറ്റച്ചാരുതയ്ക്ക്

# നവതിയാദരം



# നോവൽ ഭൂമികയിലെ ഒറ്റയാൻ

## കാലം കടന്നുനിൽക്കുന്ന ബൃഹദ് ആഖ്യായിക പൂർണയിലൂടെ മാത്രം!




## വിലാസിനിയുടെ
# അവകാശികൾ

മുഖവില ₹4000
പ്രത്യേകവില ₹3200 മാത്രം!

വലിയൊരു കുടുംബത്തിന്റെയും കരുത്തനായ അസാമാന്യ മനുഷ്യന്റെയും നീണ്ട കഥ. മലേഷ്യയുടെയും അവിടത്തെ മലയാളികളുടെയും കഥാവിസ്മയം. കാലാതിവർത്തിയായ നോവൽ രചനാചാരുത.

- ആയിരത്തിലേറെ പുറങ്ങൾ വീതമുള്ള നാലു വാല്യങ്ങൾ
- ഹാർഡ് ബൗണ്ട് • ഡീലക്സ് പതിപ്പ്

**9746473334ൽ വിളിക്കൂ**
**പുസ്തകം വീട്ടിലെത്തും**
(തപാൽ ചാർജ് സൗജന്യം)

**പൂർണ പബ്ലിക്കേഷൻസ്**
ഫോൺ : 9746473334
www.tbsbook.com

# പൂർണശ്രീ

മെയ് 2024 പുസ്തകം 18 ലക്കം 5




# പ്രസാധകമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കണം

**ചെ**റുതും വലുതുമായ പ്രസാധകർ ഉൾക്കൊള്ളുന്ന മലയാള പുസ്തക പ്രസാധന മേഖല പലവിധ പ്രതിസന്ധികളാൽ നട്ടം തിരിയുകയാണ്. പുസ്തകവില്പന മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ സർക്കാറിന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തത് ദൗർഭാഗ്യകരമാണ്. സർക്കാർ ഫണ്ട് ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങാനുള്ള ശ്രമങ്ങൾ പലപ്പോഴും യാഥാർത്ഥ്യമാവുന്നില്ല. പ്രൈമറി കുട്ടികൾക്കായുള്ള ഏതാനും പുസ്തകങ്ങൾ മാത്രമാണ് ഇത്തരത്തിൽ ചെലവായത്. പുസ്തകങ്ങൾ ഒന്നിച്ച് വാങ്ങുന്ന ഡി. പി. ഐ, എസ്. എസ്. എ. പദ്ധതികൾ മുടങ്ങിയിട്ട് കുറച്ചു കാലമായി. സർക്കാറിന്റെ വിവിധ സംരംഭങ്ങളിൽ വാങ്ങുന്ന പുസ്തകങ്ങളുടെ പണം ലഭിക്കുന്നതിലും കാലതാമസമുണ്ട്. ഈ സാഹചര്യത്തിൽ പിടിച്ചുനിൽക്കാനാവാത്ത അവസ്ഥയിലാണ് പ്രസാധകരും.

ഈ വർഷത്തെ ജില്ലാ ലൈബ്രറികൗൺസിൽ മേളകളുടെ കാര്യത്തിലും അനിശ്ചിതത്വം തുടരുകയാണ്. മെയിൽ ആരംഭിക്കണമെന്നാണ് കരുതിയതെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ തീരുമാനമായില്ല. വായനമത്സരത്തിന്റെ തിരഞ്ഞെടുപ്പുകളും പല ജില്ലകളിലും പൂർത്തിയായിട്ടില്ല. ഇക്കാര്യത്തിൽ സർക്കാറിന്റെയും ഗ്രന്ഥശാലാസംഘത്തിന്റെയും സത്വര ശ്രദ്ധ പതിയണമെന്ന് അഭ്യർത്ഥിക്കുന്നു.

**എൻ. ഇ. മനോഹർ**




## ഈ ലക്കത്തിൽ വായിക്കുക


മൊഴിമാറ്റചാരുതയ്ക്ക് **നവതിയാദരം** 4

പഠനം
**അകവരമ്പുകളിൽ അലയുന്ന ഏതോ ഒരാൾ** 08
ഡോ. ആസാദ്

കവിത
**മീൻമണമുള്ള ഉച്ചനേരങ്ങളിൽ** 11
മനു കാരയാട്

കഥ
**കടൽ** 12
വി.ആർ. ഗോവിന്ദനുണ്ണി



മാനേജിംഗ് എഡിറ്റർ
**എൻ.ഇ.മനോഹർ**

ചീഫ് എഡിറ്റർ
**ഡോ.കെ.ശ്രീകുമാർ**

എഡിറ്റർ
**അഞ്ജലി രാജീവ്**

**പത്രാധിപസമിതി**
ഡോ.കെ.വി.തോമസ്
സുരേഷ് ഇ.പി.
സുഷമകുമാരി കെ.
ഷീബ മുരളീധരൻ
മിനി അനിൽ
അനൂപ് എം.പി.

ടൈപ്പ് സെറ്റിംഗ്
**പ്രസീദ എം.**
**ലിജി.ടി.കെ.**

ലേ ഔട്ട് & കവർ ഡിസൈനിംഗ്
**സുബിൻ യുവ**

220(5-2024)a.o.e

**POORNASREE MONTHLY, POORNA PUBLICATIONS** TBS Building, G H Road, Kozhikode-673001, Ph: 9656000373,0495-2721025, 2720085
email: poornapublicationeditor@gmail.com Web: tbsbook@gmail.com
Branches: Kalpetta: Main Road, Ph: 04936-203842,
Thiruvananthapuram: Statue Jn. Ph: 0471-2570504 facebook/poornapublications



# മൊഴിമാറ്റച്ചാരുതയ്ക്ക് നവതിയാദരം

## ലീലാ സർക്കാർ / അനൂപ് എം. പി

**തൃ**ശൂർ കൊടകരയിലെ ഡോ. കൃഷ്ണമേനോന്റെയും, അമ്മിണിയമ്മയുടെയും മകളായി സിംഗപ്പൂരിൽ ജനിച്ച പെൺകുട്ടി. രണ്ടാംലോക മഹായുദ്ധപശ്ചാത്തലത്തിൽ നാട്ടിൽ തിരിച്ചെത്തിയ ശേഷം തൃശൂരിലും എറണാകുളം മഹാരാജാസിലുമൊക്കെയായിരുന്നു വിദ്യാഭ്യാസം. 1969-ൽ ബംഗാളിയായ ദീപേഷ് സർക്കാറിനെ വിവാഹം ചെയ്ത് മുംബൈയിൽ താമസമാക്കി. ദാദറിലെ വംഗഭാഷാ പ്രചാരസമിതി നടത്തിയ കോഴ്സിൽ ചേർന്ന് ബംഗാളി പഠിച്ച അവർ മലയാളി വായനക്കാർക്കായി ബംഗാളി കഥകൾ വിവർത്തനം ചെയ്തു തുടങ്ങി. പ്രമുഖ ബംഗാളി സാഹിത്യകാരന്മാരുടെയെല്ലാം കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കഴിഞ്ഞു. ‘ആരണ്യകം’, ‘അശനിസങ്കേത്’, ‘മാനസ വസുധ’, ‘വംശവൃക്ഷം’, ‘ആരണ്യത്തിന്റെ അധികാരം’, ‘ഫേര’, ‘ഇച്ഛാമതി’, ‘അനുരാധ’ തുടങ്ങിയവ അവയിൽ ചിലതുമാത്രം. 2004-ൽ ‘ബംഗാളി-മലയാളം നിഘണ്ടു’ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മലയാളത്തിൽ നിന്ന് ബംഗാളിയിലേക്ക് വിവർത്തനം ചെയ്യാൻ അവർ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, എം. ടി.യുടെ ‘വാനപ്രസ്ഥ’വും, വൈക്കം മുഹമ്മദ് ബഷീറിന്റെ ‘മതിലുകളു’മൊന്നും ബംഗാളിവായനക്കാർ വേണ്ടത്ര ഉൾക്കൊണ്ടിട്ടില്ല എന്നാണ് അവരുടെ അഭിപ്രായം.

വിവർത്തനത്തിനുള്ള കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യഅക്കാദമി അവാർഡ്, എം. എൻ. സത്യാർത്ഥി പുരസ്കാരം, സി. പി. മേനോൻ സ്മാരക അവാർഡ്, ബംഗാളി നിഘണ്ടുവിനുള്ള ഭാഷാജ്ഞാന പുരസ്കാരം, ഭാരത്ഭവന്റെ വിവർത്തകരത്നം പുരസ്കാരം തുടങ്ങി ഒട്ടേറെ ബഹുമതികൾ സ്വന്തമാക്കിയ ലീലാ സർക്കാർ നവതിയുടെ നിറവിൽ നിൽക്കവേ പൂർണശ്രീയോട് സംസാരിക്കുന്നു.

1. *മലയാളത്തിൽ വിവർത്തന സാഹിത്യമേഖ ലയിൽ നിലവിലെ സാഹചര്യം എന്താണ്?*

ഉ. മലയാളസാഹിത്യത്തിന്റെ ഒരു ശാഖതന്നെയാണല്ലോ അതിലെ വിവർത്തനസാഹിത്യം. ഓരോ വർഷവും നല്ല വിവർത്തനങ്ങൾക്ക് സമ്മാനമർഹിക്കുന്നതായി പ്രമുഖസാഹിത്യകേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിൽ നിന്നു തന്നെ വിവർത്തനം ഇന്നും ശക്തമായി തുടരുന്നു എന്ന് തീർച്ച. എന്നാൽ, എല്ലാ വിവർത്തകർക്കും വേണ്ടത്ര പ്രോത്സാഹനം നൽകേണ്ടത് മാധ്യമങ്ങളും പ്രസാധകരും കൂടിയാണ് എന്നും ഓർക്കണം. തന്റെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിൽ വിഷമം നേരിടുന്നവരെ, അവരുടെ കൃതികൾ അർഹമായെന്നു കണ്ടാൽ വായനക്കാർക്ക് എത്തിച്ചുകൊടുക്കേണ്ടത് ഈ രണ്ടു കൂട്ടരുമാണെന്നതിൽ സംശയമില്ല.

2. *ഇരുപത്തെട്ട് സംസ്ഥാനങ്ങൾ ഉണ്ടെങ്കിലും കുറച്ച് സംസ്ഥാനങ്ങളിലെ വിവർത്തനങ്ങൾ മാത്രമേ മലയാളത്തിൽ ഉണ്ടാവുന്നുള്ളൂ. ഇത് ഒരു അഭാവമല്ലേ?*

ഉ. ഇരുപത്തെട്ട് സംസ്ഥാനങ്ങളിലെയും ഭാഷകൾ അറിയുന്നവർ നമ്മുടെ സംസ്ഥാനത്ത് ആരും തന്നെയില്ല എന്നത് ഒരു കാരണമാണ്. ആ സംസ്ഥാനങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഓരോ ഭാഷയിലെയും കൃതികൾക്ക് വേണ്ടത്ര പ്രചാരമോ സ്വീകരണമോ കിട്ടുന്നില്ല എന്നത് മറ്റൊരു കാരണം. ഓരോ സംസ്ഥാനത്തിലും മറ്റ് സംസ്ഥാന ഭാഷകളെ പഠിക്കാനും സാഹിത്യ തൽപരരായിരിക്കാനും എത്ര സംസ്ഥാനത്തിൽ സൗകര്യമുണ്ട് എന്നാലോചിച്ചു നോക്കിയാൽ അതിനുവേണ്ട പ്രതിവിധി വെക്കാനായാൽ ഓരോ ഭാഷയിൽ നിന്നും മലയാളഭാഷയെ ധനവത്താക്കാനാവും. വംഗഭാഷാപ്രചാര സമിതി ക്ലാസുകൾ എത്തിയതിന്റെ ഫലമാണ് ഞാനെന്നു പറയുന്നതിൽ അഭിമാനമുണ്ട് എന്ന് ദയനീയമായി സമ്മതിക്കുന്ന ഇന്ന് ആ ക്ലാസുകളും നിശ്ശേഷമായി. ഒരുപക്ഷേ, യാന്ത്രിക സൗകര്യങ്ങളിൽ കൂടി ഭാഷയെ സ്വായത്തമാക്കാൻ സാധിക്കുന്ന സംവിധാനങ്ങളുടെ കാലമായി മാറുന്നതും ഓരോരുത്തരും അതിലേക്കാകർഷിക്കുന്നുണ്ടാവാം.

3. *ബംഗാളി സാഹിത്യ മേഖലയിലെ കൃതികൾ എന്തുകൊണ്ടാണ് മലയാളികൾക്ക് കൂടുതൽ ഇഷ്ടവും സുപരിചിതവുമാകുന്നത്?*

ഉ. വംഗഭാഷയിലെ കൃതികളും അതിലെ ആകർഷകമായ ജീവിതരീതിയും രചനാവൈഭവവും പല വിധത്തിലും മലയാളഭാഷയുമായി നല്ലൊരടുപ്പം പുലർത്തുന്നു. അതുതന്നെയാണ് ബംഗാളികൃതികൾക്ക് നമ്മുടെ വായനക്കാരിൽ ആവിധം സ്ഥാനം നേടിക്കൊടുത്തത്. തകഴിയോ, താരാശങ്കറോ, വിഭൂതിഭൂഷണോ, പൊറ്റെക്കാട്ടോ, എം.ടി.യോ എല്ലാവരും തന്നെ ജീവിതത്തെ നോക്കിപ്പഠിച്ച് വിവേചനം ചെയ്യുന്നതിലെ താരതമ്യഗുണം നമ്മളെ അവരിലേക്ക് ആകർഷിക്കുന്നു. ജീവിതരീതിയിലും, വൈകാരികമനോഭാവത്തിൽപ്പോലും സാമ്യം പുലർത്തിപ്പോവുന്നതാവണം.

4. *വിവർത്തനമേഖലയിൽ കുറച്ച് പേർ മാത്രമാണല്ലോ ഉള്ളത്. ഇതിനെങ്ങനെ പരിഹാരം കണ്ടെത്താം?*

ഉ. വിവർത്തനമേഖലയിലേക്ക് അധികം പേർ വരാത്തതിന്റെ കാരണം പലതാണ്. മൂലലേഖനം എഴുതുന്നതിന്റെ രണ്ടിരട്ടി സമയം വേണം. ഓരോ പേജും എഴുതിത്തീർക്കാൻ ഭാഷ പഠിച്ച് മൂലകഥയിൽനിന്ന് ഒട്ടും ഭിന്നമാകാത്ത ആശയവിനിമയം ചെയ്യുക എത്ര എളുപ്പവുമല്ല. പലരും ഇന്ന് ഇംഗ്ലീഷ് പരിഭാഷയുടെ സഹായത്തോടെ ഈ കൃത്യം നിർവ്വഹിക്കുന്നുണ്ട്. അങ്ങനെ ചെയ്യുന്നവർക്കും പ്രസിദ്ധീകരണസമയത്ത് വിഷമങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. എന്റെ അനുഭവം ഏറ്റവും അധികം ദുഃഖത്തിനിടയായത് മൂലലേഖകന്റെ അനുവാദം ശേഖരിക്കുന്നതിലായിരുന്നു. ആരും മറുപടി തരാതിരിക്കുമ്പോൾ എന്തു ചെയ്യാനാവും? ബുദ്ധദേവ ഗുഹ ആദ്യമായി അദ്ദേഹത്തിന്റെ കഥകൾക്ക് അനുമതി തന്നതോടെയാണ് എന്റെ വിവർത്തനലോകത്തേക്കുള്ള കവാടം തുറന്നുകിട്ടിയത്.


ബിമൽകർ തമാശയായി എടുത്തു എനിക്കല്ലേ പേരു കിട്ടുന്നത്. എന്തിന് ഞാൻ എതിർക്കണം. കുട്ടി ഭയം കൂടാതെ ചെയ്തോളൂ എന്ന് പറഞ്ഞു കേട്ടപ്പോൾ ഞാൻ ഈ ഗോവണിയുടെ പടികൾ കയറാൻ തുടങ്ങി. വിവർത്തനങ്ങളുടെ അതികായന്മാരായി മഹാരഥികളായ ശ്രീമാൻമാർ സത്യാർഥി, രവിവർമ്മ, മാധവൻ പിള്ള, നിലീന അബ്രഹാം എന്നിവർ. അവരുടെ മുന്നിലേക്ക് എങ്ങനെ ധൈര്യം കിട്ടും. എന്നാലും ജനയുഗത്തിൽ നിന്ന് കാമ്പിശ്ശേരിയുടെ, കാമ്പിശ്ശേരി കരുണാകരൻ സാറിന്റെ എഴുത്തു കിട്ടിയപ്പോൾ ഒരു പ്രത്യേക ഉത്സാഹം കിട്ടി.

ആദ്യ നോവലിന്റെ കാര്യത്തിൽ ശ്രീ. എൻ. വി. കൃഷ്ണവാരിയർ മാതൃഭൂമിയിലുള്ളപ്പോൾ ഞാൻ നാണിച്ചുനാണിച്ച് ചോദിച്ചു. കേന്ദ്രഅക്കാദമി കിട്ടിയ 'അസമയം' അയ

ച്ചുതരട്ടെ ഉടനെ മറുപടി കിട്ടി അയച്ചുകൊടുക്കാൻ. അങ്ങനെ അതും വെളിച്ചം കണ്ടതോടെ അദ്ദേഹത്തിന്റെ പിതൃതുല്യമായ ഉപദേശങ്ങൾ അനുസരിച്ച് മുന്നോട്ടു പോയി. നിഘണ്ടുവും അതേപോലെ തയ്യാറായി. ഇത്രയും പറഞ്ഞത് ക്ഷമയോടെ പല കതകും തട്ടിനോക്കിയാൽ മാത്രമേ നേടാൻ കഴിയൂ എന്നു പറയാൻ മാത്രം. No short-cut for success എന്നതാണ് മുദ്രാവാക്യം. അങ്ങനെ മുതിർന്നവർ മുന്നോട്ടുവരാൻ മടിച്ചിരുന്നതാണ് ഇന്നത്തെ ക്ഷാമത്തിന് കാരണം എന്നു തോന്നുന്നു.

5. *ലീലാ സർക്കാർ ഈ മേഖലയിൽ നൽകിയ കൃതികൾ എന്നും മലയാളികൾ നെഞ്ചേറ്റിയിട്ടുണ്ട്. എങ്ങനെ സമയം കണ്ടെത്തുന്നു?*

ഉ. എഴുതാൻ തീർച്ചയാക്കിയാൽ സമയം ഉണ്ടാകും. പലപ്പോഴും ഞാൻ എന്നോട് ചോദിക്കും. ദിവസത്തിന് എന്തേ 24 മണിക്കൂർ എന്ന്. സമയം പോര എന്നു പലപ്പോഴും തോന്നും. എന്നാൽ ഒരു കൃത്യമായ ടൈം ടേബിൾ ഉണ്ടെങ്കിൽ എല്ലാം സാധിക്കും. എഴുതാൻ തിരഞ്ഞെടുക്കുന്ന പുസ്തകം സ്വന്തം മനസ്സിൽ പതിയുന്നതായ കഥയും കഥയുടെ ഒഴുക്കും ഉള്ളതാണെങ്കിൽ എത്രയോ വേഗം എഴുതി തീർക്കാം. ഇന്ന് പകർത്തി എഴുതുന്ന പോലെ ആയിക്കഴിഞ്ഞു. വീട് നോക്കി ബാക്കി സമയം കിട്ടിയില്ലെങ്കിൽ ഉണ്ടാക്കും. ഉണ്ടാക്കണം. തന്നിൽ നിന്ന് അകന്ന് മറ്റു പല കഥാപാത്രങ്ങളോടൊപ്പം ജീവിക്കാൻ കഴിയുമ്പോൾ ഒരു പുതിയ ജീവിതം ഒരു പുതിയ ദിനം കൈവരുന്നു. അതെങ്ങനെ ഒഴിവാക്കാം! തിരഞ്ഞെടുക്കുന്ന കഥ, നോവൽ എന്നിവയിൽ സാർവജനീനമായ ഒരു കാരണം വേണം. കഥ എവിടെയും സംഭവിക്കാം. ബംഗാളിലെ വീടുകളിലെ പ്രശ്നം ഏതൊരു വീട്ടിലേതുമാവാം.




₹ 325




₹ 190





₹ 45




₹ 235



₹ 250




₹ 280

അവിടുത്തെ കാട്ടിലും മേട്ടിലും നടന്നലയുന്ന കഥാകാരൻ നമ്മളിലെ വായനക്കാരേയും കൂടെ കൊണ്ടുപോകുന്നു. എങ്ങനെ അതൊരു വംഗ പശ്ചാത്തലത്തിൽ മാത്രമായി കാണാൻ കഴിയാതാവും.വിഭൂതിഭൂഷണെ അതുകൊണ്ട് ഞാൻ അടുത്തു കാണുന്നു. ബങ്കിംചന്ദ്രൻ തുടങ്ങി 35ലധികം ലേഖകന്മാരെ ഞാൻ എന്റെ എളിയ കഴിവോടെ എന്റെ നാട്ടുകാർക്കായി കൊണ്ടുതരാൻ ശ്രമിച്ചിട്ടുണ്ട്. വായനക്കാരിൽ നിന്നു കിട്ടുന്ന സ്വീകരണവും ആസ്വാദനവും പ്രചോദനമാണ്. ഇനിയും ചിലത് വിവർത്തനത്തിന്റെ വഴിയിൽ കിടപ്പുണ്ട്. പ്രസാധകർ മരിച്ചുപോയവരുടെ അനന്തരാവകാശികൾ കോപ്പിറൈറ്റിന്റെ പേരിൽ അനുവാദകരെ സഹായിക്കാൻ മുന്നോട്ടുവരണം. എങ്കിൽ ഒരുപക്ഷേ, കൂടുതൽ വിവർത്തനങ്ങൾ കൂടുതൽ ഭാഷയിൽനിന്ന് പ്രതീക്ഷിക്കാം.

6. *പുതിയ ടാഗോർ കൃതി വിവർത്തനം എങ്ങനെയാണ് സ്വാധീനിച്ചത്?*

ഉ. ടാഗോറിന്റെ നോവൽ എന്തുകൊണ്ടും പ്രത്യേകതയുള്ള ഒന്നായിരുന്നു. അതിലെ കഥയെഴുത്തിൽ കഥാപാത്രങ്ങളുടെ സ്വഭാവചിത്രീകരണം പ്രത്യേക ശ്രദ്ധയർഹിക്കുന്നുണ്ട്. വെറും മൂന്നുപേർ ആത്മകഥ പറയുന്ന വിധത്തിൽ ഗൃഹജീവിതവും നാടിന്റെ അന്നത്തെ പ്രത്യേക അവസ്ഥയും വിശദീകരിച്ചിരിക്കുന്നു. പി. എച്ച്. ഡി .ക്ക് ടാഗോറിനെ ആസ്പദമാക്കി, അദ്ദേഹത്തിന്റെ നോവൽ സാഹിത്യത്തെ ആധാരമാക്കിയിരിക്കുമ്പോൾ ഈ നോവൽ പ്രത്യേക ശ്രദ്ധ ആകർഷിച്ചതും രണ്ടും മുഴുവനായില്ല എന്നതും മറ്റൊരു സത്യം. സത്യജിത്ത്റായി, ആ നോവലിനെ ചലച്ചിത്രമാക്കി എത്ര ഭംഗിയായി അവതരിപ്പിച്ചു.

വെറും ഭംഗിയിലൊതുങ്ങുന്നില്ല ആ സിനിമ. എത്രയെത്ര ബഹുമതികൾ നേടി. അതുകൊണ്ട് തന്നെ ആ നോവൽ കഥാപ്രാധാന്യമർഹിക്കുന്നു. ഈ കാരണങ്ങളെല്ലാം വെച്ച് ഞാൻ വിവർത്തനം ചെയ്യാൻ ഒരുങ്ങി. ഒരു പബ്ലിഷറെ ലഭിക്കുമെന്ന് ആശിച്ചിരുന്നില്ല. പൂർണ്ണയുടെ മഹാമനസ്കത സഹായിച്ചു. ഇതിന് മുമ്പ് ശ്രീ. ബാലകൃഷ്ണമാരാർ (ബാലേട്ടൻ) ഉള്ളപ്പോഴും എന്റെ വിവർത്തനങ്ങൾ സംശയം കൂടാതെ സ്വീകരിച്ച് പുസ്തകരൂപത്തിൽ വായനക്കാരുടെ മുമ്പിലെത്തിച്ചു. അദ്ദേഹത്തിന്റെ അഭാവം വലിയൊരു നഷ്ടംതന്നെയാണ്.



മകൻ എൻ. ഇ. മനോഹർ ആ വിടവ് നികത്തുന്നതിൽ സന്തോഷം. പൂർണ്ണയ്ക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. പൂർണ മാത്രമല്ല മറ്റുള്ള പ്രസാധകരും എന്റെ ഉയർച്ചയിൽ സഹായകമായിട്ടുണ്ട്.

പൂർണ മുമ്പ് അനുവർത്തനം, ദത്ത, പത്മാനദിയിലെ മുക്കുവൻ, തന്നിലെ ശത്രു എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഘൊരെബായിരെയാണ് പൂർണയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന പുതിയ പുസ്തകം.

7. *നോവലുകൾക്ക് പുറമെ കവിതകൾക്കും നിരവധി സാധ്യതകൾ ഉണ്ടല്ലോ.*

ഉ. കവിതകൾ അപാരമായ സമുദ്രം പോലെ അത് തൊടാൻ പോലും എനിക്ക് സാധിച്ചിട്ടില്ല. ശ്രീ ജി. ശങ്കരക്കുറുപ്പ് മാത്രം ഒരു ഗീതാഞ്ജലി നമുക്കു തന്നു. ടാഗോറിന്റെ തന്നെ എത്ര കവിതാസമാഹാരങ്ങൾ വേറെയുമുണ്ട്! തുമികീ ശുദ്ധു ചിത്ര് തുടങ്ങിയ കവിത മനസ്സിലേക്ക് ആഴ്ന്ന് പോകുന്നവയാണ്. പക്ഷേ, ഞാനെന്റെ ഗദ്യത്തിൽ മാത്രം ഉറച്ചുനിന്നു. കവിതകളോട് ശരിക്കും എനിക്ക് ന്യായം പാലിക്കാനാകുമോ എന്ന ഭയമായിരുന്നു. എപ്പോഴും സഹായിച്ച് കൂടുതൽ ചികഞ്ഞ് മനസ്സിലാക്കിത്തരാനും ആരുമില്ലായിരുന്നു. അതിനാൽ ഞാൻ ആ വരികൾ ഓർത്തു. നിന്റെ വിളികേട്ട് ആരും വന്നില്ലെങ്കിൽ പോകൂ, ഒറ്റയ്ക്ക് പോകൂ. ഒറ്റയ്ക്ക് തന്നെ പോകൂ....

# അകവരമ്പുകളിൽ അലയുന്ന ഏതോ ഒരാൾ


ഡോ. ആസാദ്

**ഏ**കചാരിയാണ് സിദ്ധാർത്ഥൻ. ഉൾവഴികളിലൂടെയും ജന്മനാട്ടിലെ ഊടുവഴികളിലൂടെയും അയാൾ അലഞ്ഞുകൊണ്ടേയിരിക്കുന്നു. എന്നേ പുറപ്പെട്ട യാത്രയാണ്. ജോലി സംബന്ധമായി നഗരങ്ങളിൽ പാർക്കേണ്ടി വന്നപ്പോഴും അയാൾക്ക് ആ ബാധ കൈയൊഴിയാനായില്ല. കഥകളിൽ ഗൗതമനായി ആ നിയോഗം പലവട്ടം ഏറ്റുപറഞ്ഞു. ആറാത്ത വ്യഥകളുടെ ആവിയിൽ പുതഞ്ഞു. മാറ്റി വെച്ചതോ കൈമോശം വന്നതോ ആയ എന്തോ കണ്ടെടുക്കാനെന്നപോലെ അതീവ സൂക്ഷ്മമായി ചുറ്റും പരതിയാണ് സഞ്ചാരം. അപൂർവ്വമായി മാത്രം എഴുതിയ കഥകളിൽ അതു ഞാൻ കണ്ടിട്ടുണ്ട്. ഏതോ ഒരാൾ എന്നേ അയാൾ സ്വയം വിശേഷിപ്പിച്ചിട്ടുള്ളു. ആവർത്തിച്ചു പറയേണ്ടപ്പോഴൊക്കെ 'അയാൾ' എന്നു കുറിച്ചു. ഞാനെന്ന ഒന്നാം പുരുഷനെ എപ്പോഴും അടിച്ചിരുത്തി. മൂന്നാം ക്രമത്തിലേക്കു മാറി കേവലമനുഷ്യന്റെ കഥയാക്കി സ്വന്തം അനുഭവങ്ങളെ പരിവർത്തിപ്പിച്ചു.

പറയുന്ന കഥയെന്തായാലും അതിൽ ആത്മഛായയുടെ നിറക്കൂട്ടു കനപ്പിച്ചില്ല. ഏതോ ഒരാളുടെ വിദൂരഛായയിൽ മാത്രം അയാൾ നിന്നു. അതത്ര ലളിതമായ കാര്യമല്ല. കീഴ്പ്പെടുത്തിക്കളഞ്ഞ ഒരാദർശം പകർന്ന ഉൾബലമാണത്. അനുഭവങ്ങൾ വ്യക്തിയുടെ സ്വകാര്യതയല്ലെന്ന തിരിച്ചറിവ്. പുഴയോരത്തെ ഗ്രാമത്തിന്റെ അകവരമ്പുകളിലൂടെയും ഇടവഴികളിലൂടെയും കുന്നിൻ ചെരിവിലൂടെയും തീരമണലിലൂടെയും നടക്കുമ്പോൾ അയാൾ അവിടെ അലയുന്ന ഏതോ അനുഭവപുരുഷൻ മാത്രമായി. തനിക്കു പുറത്തു കടന്ന് ഒരുൾസഞ്ചാരത്തിന്റെ കഥയനുഭവിപ്പിക്കാൻ പോന്ന ആഖ്യാനപടുതയാണ് പരുത്തിക്കാടിന്റെ സവിശേഷത.

തടവറകൾ എന്ന ആദ്യനോവൽ അറുപതുകളുടെ ഒടുവിലെപ്പോഴോ ആവണം ഇറങ്ങിയത്. വളരെ യാദൃച്ഛികമായി കോളേജ് പഠനകാലത്ത് ഒരു ലൈബ്രറിയിൽ ആ പുസ്തകം കണ്ടപ്പോൾ അത്ഭുതം തോന്നി. സിദ്ധേട്ടൻ കഥകളെഴുതുന്നതറിയാം. ഒരു നോവൽ എഴുതിയത് അറിഞ്ഞില്ല. എവിടെയും ഒരു പരാമർശം കാണുകയോ കേൾക്കുകയോ ഉണ്ടായില്ല. അവിടെ ഇരുന്ന് അതു വായിച്ചു. നാലു പതിറ്റാണ്ടിനു ശേഷം ഏതാനും ചില രംഗങ്ങൾ മാത്രമാണ് ഓർമ്മയിലുള്ളത്. ആ നോവലിന്റെ പുതിയ പതിപ്പുകൾ കണ്ടില്ല. ഇപ്പോൾ എഴുത്തുകാരന്റെ അലമാരയിലും ആ പുസ്തകമില്ലത്രേ. നിരൂപകനായ വി. സുകുമാരൻ ആ നോവലിനെക്കുറിച്ച് മാതൃഭൂമിയിലെഴുതിയ നിരൂപണവും കണ്ടില്ല. എങ്കിലും ആഖ്യാനത്തിലെ വേറിട്ട അനുഭവം പ്രതീക്ഷ നൽകിയെന്ന് സുകുമാരൻ മാഷ് പിൽക്കാലത്തു പറഞ്ഞത് ഓർമ്മയിലുണ്ട്.

കഥകളിലൂടെ ഞാൻ പലവട്ടം നടന്നിട്ടുണ്ട്. ഏതോ ഒരാൾ, പരുത്തിക്കാടിന്റെ കഥകൾ എന്നീ സമാഹാരങ്ങളിൽ വന്ന കഥകൾക്ക് നാടുമായുള്ള ആത്മബന്ധമാവണം എന്നെ ആദ്യം ആകർഷിച്ചത്. കടലുണ്ടിപ്പുഴയും ഒലിപ്രംകടവും മുണ്ടിയൻകാവ്പറമ്പും നിറങ്കൈതക്കോട്ടയും അവിടങ്ങളിലെ മനുഷ്യരും ആ കഥകളിലുണ്ട്. തൊഴിലിടങ്ങളുടെ ചെത്തവും ചൂരുമുണ്ട്. മനുഷ്യരുടെ സഹനങ്ങളും പോരും കാപട്യവും കോമാളിത്തവും അകൽച്ചയും അതിജീവനവുമുണ്ട്. അതു പറയാൻ ഒരു നാരുപോലെ തുളച്ചുനീങ്ങി തുന്നിയെടുക്കുന്ന ചിത്രങ്ങൾ കൗതുകം പകർന്നിരുന്നു. ചിലരെങ്കിലും തന്നെപ്പറ്റി എന്തോ എഴുതിയല്ലോ എന്ന അസ്വസ്ഥത പ്രകടിപ്പിക്കുമ്പോൾ അയാൾ നിശ്ശബ്ദനായി, നിസ്സഹായനായി നടന്നുപോകുന്നത് ഉള്ളിൽ കണ്ടിട്ടുണ്ട്.




നിരന്തരം കഥകളെഴുതിയില്ല പരുത്തിക്കാട്. സൂക്ഷ്മമായ തന്റെ കൊത്തിപ്പെറുക്കലുകളെ കഥയാക്കി പരിവർത്തിപ്പിക്കാനുള്ള വൈദഗ്ധ്യം വളരെ അപൂർവ്വമായി മാത്രം പ്രകടിപ്പിച്ചു. നീണ്ട നിശ്ശബ്ദ കാലം പിന്നിടുമ്പോൾ ഒരു കഥ വന്നാലായി. എന്തുകൊണ്ടാവും അകം നിറയെ കഥകളും വലിയ പേന നിറയെ മഷിയും സ്വന്തമായി ഉണ്ടായിട്ടും ഇങ്ങനെ മടി കാണിച്ചു? തിരക്കുള്ള പത്രാധിപക്കസേരയിൽ ഇരിക്കുന്നവർക്ക് എഴുതാൻ വിഷമമാവുമോ? എത്രയോ പ്രമുഖ കഥാകൃത്തുക്കളെ എഴുത്തിലേക്ക് ഉറപ്പിച്ചു നിർത്തിയ പത്രാധിപരാണ് പരുത്തിക്കാട്. പലരും അഭിമാനത്തോടെ അതു പറഞ്ഞിട്ടുണ്ട്. വലിയ കൈയക്ഷരത്തിൽ വരുന്ന കത്തുകൾ എന്തുമാത്രം സന്തോഷം പകർന്നിരുന്നുവെന്ന് ചിലരെങ്കിലും പറഞ്ഞു കേട്ടിട്ടുണ്ട്. ദേശാഭിമാനിയുടെ ആ ചെറിയ മുറിയിൽ എഴുത്തുകാരുടെ കത്തുകൾക്കും സൃഷ്ടികൾക്കുമിടയിൽ ചതഞ്ഞും മുറിഞ്ഞും മാറ്റിവെക്കപ്പെട്ട കഥകൾ ഏറെയുണ്ടായിരുന്നിരിക്കണം.

ആപ്തം എന്ന നോവൽ പുറത്തിറങ്ങുമ്പോൾ ദീർഘകാലത്തെ വേവിന് അറുതിയുണ്ടാവുന്നു. അകം വിങ്ങി പുറത്തു ചാടുകയാണ് ഒരു കാലത്തിന്റെ സ്മൃതിപഥം. നിയോഗിക്കപ്പെട്ടപോലെ അയാൾ വഴികൾ താണ്ടി വരുന്നു. മുണ്ടിയൻകാവ് പറമ്പിനു ചുറ്റും കാലങ്ങളെ കീറിമുറിച്ച് മുന്നോട്ടും പിറകോട്ടും നടക്കുന്നു. കുഞ്ഞുദേശത്ത് ജാതിയും മതവും പാരമ്പര്യവും വഴക്കവും തൊഴിലും ഉൽപ്പതിഷ്ണുത്വവും സംഘടനയും സമരവും പുരോഗമനചിന്തയും പല വിതാനങ്ങളിൽ അന്യോന്യം വലിയ പരിക്കുകളേൽപ്പിക്കാതെ പലയളവിൽ പൊന്തി നിറഞ്ഞു കലരുന്ന ചിത്രമാണത്. അതിൽ ഓരോരുത്തരും അവരവരെ കണ്ടെത്താനും ജീവിപ്പിക്കാനും നടത്തുന്ന വെമ്പലുകളെ അതിന്റെ സൂക്ഷ്മതയിൽ ലഘുവാക്യങ്ങളിൽ പകർത്തുകയാണ് പരുത്തിക്കാട്.

നോവലിന് നിയതമായ സൂത്രശാഠ്യങ്ങളില്ല. പല ജനുസ്സുകളിൽ പല ശാഖകളായാണ് അതിന്റെ വളർച്ച. ആദ്യകാല റിയലിസത്തിൽ നിന്ന് പൊട്ടിത്തെറിച്ചാണ് മലയാളിയുടെ നോവൽഭാവുകത്വം വളർന്നത്. റിയലിസത്തിന്റെ ഭാവസൂക്ഷ്മത വ്യഷ്ടിഖേദങ്ങളുടെ അകം തുറക്കുന്നു. അവിടെ അമൂർത്തവും സങ്കീർണവുമായ രേഖകളാണ് തെളിയുക. അത് ആഖ്യാന നിർബന്ധങ്ങളിലേക്ക് സാഹസികമായി തുറക്കുമ്പോൾ യഥാതഥാഖ്യാനത്തിന്റെ പതിവ് മൂശയിൽനിന്ന് തെന്നുന്നു. ബഷീറിൽ അതു കണ്ടുതുടങ്ങി. സ്ഥലകാലങ്ങൾ കുറുകും തോറും ചരിത്രം വ്യഷ്ടിമുനമ്പിൽ, ഏകാകികളുടെ കാൽപ്പാടിൽ വിരിഞ്ഞു വരുന്നു. അതിൽ നിയതരൂപങ്ങളോ സമീകൃതഭാവങ്ങളോ കണ്ടുവെന്ന് വരില്ല. പാഴിലകൾ മൂടിക്കിടക്കുന്ന വഴികളിൽ, പൊടിയുന്ന വാക്കിൽ അടഞ്ഞോ തുറന്നോ കിടന്നോ അനുഭവക്കീറുകൾ അനേകധാരകളായി വെളിപ്പെട്ടു പോന്നു. അവ പറയാൻ തുടങ്ങുമ്പോൾ ഒരെഴുത്തുകാരന് ആ സ്ഫോടനത്തെ തീവ്രമാക്കാനേ പറ്റൂ. അതിന്റെ ആഘാതമെത്രയെന്നത് അയാളുടെ വിഷയമല്ല.

ആധുനികജീവിതം സ്വകാര്യങ്ങളെ എടുത്തുകളയുമ്പോൾ ഒരെഴുത്തുകാരന് ബഹുസ്വരതയുടെയും വൈവിധ്യങ്ങളുടെയും ആ അകം വിട്ടുകളയാൻ തോന്നണമെന്നില്ല. വേരുകളിലേക്ക് സദാ ജാഗരൂകമാകുന്ന ഒരു കണ്ണ് അയാളെ വേറിട്ട കാഴ്ചകളിലേക്ക് കൊണ്ടുപോകും. നഗരം മൂടിക്കളഞ്ഞ ബഹുസ്വര സൂക്ഷ്മതകളെ അയാൾ തോണ്ടിക്കൊണ്ടിരിക്കും. അത് താൻ തന്നെ അപരിചിതനായി മാറിയ പഴയ ഗ്രാമമാവണമെന്നില്ല. അതിന്റെ കാലാന്തര പാഠമാവാം.

അതു പക്ഷേ, സ്വകാര്യതകളെ ചോർത്തുന്ന ഏകതാന ഭാവുകത്വങ്ങളെ വെല്ലുവിളിക്കുന്നു.

ജ്ഞാനരൂപങ്ങളെ ആശ്രയിച്ചുള്ള വാസ്തുവൊരുക്കലായി നോവൽ മാറുകയോ വളരുകയോ ചെയ്തിട്ടുണ്ട്. അവരിൽ പലരിലും ഭാവനയുടെ മഹാപ്രപഞ്ചത്തെ യുക്തിവിചാരത്തിലേക്കു വലിച്ചു ചേർക്കാൻ എഴുത്തുകാരൻ നിർബന്ധിക്കപ്പെടുന്നതു കാണാം. അവിടെ കേവലരാഷ്ട്രീയ യുക്തിയാണ് പ്രവർത്തിക്കുന്നത്. അതിന് മുന്നോട്ടേ കണ്ണുകൾ കാണൂ. ഓരങ്ങളിലേക്കും പിറകിലേക്കും കാഴ്ചകൾ കൂർക്കില്ല. പിറകോട്ടു മാത്രം നോക്കുകയും നയിക്കുകയും ചെയ്യുന്ന ഭൂതാവേശിതർ ഇല്ലെന്നല്ല. അവർ നവഭാവുകത്വം സൃഷ്ടിക്കുന്നില്ല. മുന്നോട്ടു മാത്രം നോക്കുന്നവരും കലയുടെ ഭാവുകത്വത്തെയും ലാവണ്യ നിയമങ്ങളെയും അറിയുന്നില്ല. വേരുകളിലുണ്ട് വളർച്ചയുടെ ജനിതകപ്പാടുകളെന്ന് ധരിക്കുന്നവർ ഒരു തുടർച്ച തേടിക്കൊണ്ടിരിക്കുന്നു. ആ വഴിയും കാഴ്ചയും നിർണയിച്ച എഴുത്തുകാരുടെ കൂട്ടത്തിലാണ് സിദ്ധാർത്ഥൻ പരുത്തിക്കാടുള്ളത്. ആ നോവൽഗണത്തിലാണ് ആപ്തമുള്ളത്.

തോൽവികളിൽനിന്ന് കയറിവരുന്ന തമ്പ്രാൻകുട്ടിയായ സേതുവും പരുക്കൻ അനുഭവങ്ങളോടു പൊരുതിക്കേറിയ കുമാരനും ഇല്ലായ്മയിൽ വിരിഞ്ഞ കല്യാണി – ജാനകിമാരുമാണ് കഥയെയും ദേശത്തെയും യാഥാസ്ഥിതിക വഴക്കങ്ങളിൽനിന്നും വിമോചിപ്പിക്കുന്നത്. അത്ര എളുപ്പമല്ലാതിരുന്ന പ്രണയവും കൂടിച്ചേരലും കലഹമില്ലാതെ സാദ്ധ്യമാക്കുന്നത് ജീവിതാനുഭവങ്ങളുടെ പ്രേരണയിലും സമ്മർദ്ദത്തിലുമാണ്. ചകിരിത്തൊഴിലാളികളും കർഷകരും തെങ്ങുകയറ്റക്കാരും കച്ചവടക്കാരും കോർത്തെടുത്ത ഒരു സമ്പദ്ഘടനയുടെ കേറ്റിറക്കങ്ങളിലൂടെയാണ് കഥയും ദേശവും സഞ്ചരിച്ചത്. ആധുനിക സൗകര്യങ്ങളിലേക്കു പ്രവേശിക്കും മുമ്പുള്ള കാലമാണ്. കടവു കടക്കാൻ തോണിയുണ്ട്. കാർഷികോത്പന്നങ്ങൾ വിൽക്കാൻ ചേളാരി ചന്തയുണ്ട്. വിളക്കു വെക്കുന്ന പാമ്പിൻകാവുണ്ട്. ഭക്തിഗാനങ്ങളുയരുന്ന കുടുംബക്ഷേത്രമുണ്ട്. ആരവമുയരുന്ന പന്തുകളികളുണ്ട്. ബോർഡ് സ്കൂളുണ്ട്. ചിത്രത്തിലെന്നപോലെ തെളിയുന്നുണ്ട് എല്ലാം. പഴയ സംബന്ധത്തിന്റെ അവസാനകാല പിടച്ചിലുകൾ അതിനകത്തെ ആത്മബന്ധത്തിന്റെയും വിടുതൽ നിർബന്ധങ്ങളുടെയും പ്രേരണകളുരസി തീ പാറുന്നതു കാണാം. ദേവകിയമ്മയും കോന്തുണ്ണിനായരും ആലിക്കുട്ടിയും എന്ന ത്രികോണബന്ധം അതിമനോഹരമായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഒരു പരിവർത്തനകാലം അവരിലൂടെ കടന്നുപോകുകയാണ്. മനുഷ്യൻ എന്ന പദം എത്ര മനോഹരമെന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നുണ്ട് നോവലിസ്റ്റ്.

കഥയിലൂടെ സഞ്ചരിക്കുന്ന നോവലിസ്റ്റ് ഗൗതമനായി ഇടയ്ക്കു കയറിവരും. താൻ ഉത്തരവാദിത്വം ഏൽക്കുന്നു എന്ന മട്ടിൽ വിനയപൂർവ്വം കഥയെ ചേർത്തു പിടിക്കും. അകം നിറഞ്ഞു നിൽക്കുമ്പോഴും എഴുത്ത് അത്ര എളുപ്പമല്ലെന്ന് സഹജീവിതങ്ങളുടെ സ്പന്ദനങ്ങളേൽപ്പിക്കുന്ന വിഹ്വലതകളിൽ ഭീതനാവുന്നുണ്ട് ഗൗതമൻ. എങ്കിലും തന്റെ യാത്രയിൽ ഇതു കൂടിയേ കഴിയൂ. ഇല്ലെങ്കിൽ താനും ഇല്ലാതാവും. ഏകനായുള്ള അലച്ചിലുകളിൽ ഗൗതമനു കൂട്ട് അയാളിൽ കുമിഞ്ഞ ഈ അനുഭവപ്പാടുകളായിരുന്നല്ലോ. അത് വരച്ചില്ലെങ്കിൽ അഴിഞ്ഞു തീരും അയാൾ. നഗരവാസത്തിൽ കിട്ടിയ സൗഹൃദങ്ങളും നിർബന്ധങ്ങളും അയാളെ എഴുത്തിലേക്കു പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. തീർക്കാനാവുമോ എന്ന ഭയത്തെ അയാൾക്ക് അതിജീവിക്കണമായിരുന്നു.

കഥകളുടെ അവതാരികാകാരൻ തലക്കെട്ടു നൽകിയത് ഗൗതമന്റെ യാത്രകൾ എന്നാണ്. ആപ്തത്തിലെത്തുമ്പോഴും ആ യാത്ര തുടരുകയാണ്. കഥകളിൽ മിന്നിമാഞ്ഞ മനുഷ്യരും ഇടങ്ങളും നോവലിലും എത്തിനോക്കുന്നതുപോലെ തോന്നി. ഒപ്പം എഴുത്തുകാരൻ തന്റെ കഥയോടെ ദേശത്തിന്റെ കഥയിൽ കലരുന്നു. മുണ്ടിയൻകാവുപറമ്പിലൂടെ, കുണ്ടനിടവഴികളിലൂടെ, വയൽവരമ്പുകളിലൂടെ, പുഴക്കരയിലൂടെ മനസ്സിനെ മേയാൻവിട്ട് ഗൗതമൻ അഥവാ സിദ്ധാർത്ഥൻ നടന്നുകൊണ്ടേയിരിക്കുന്നു. ആപ്തം അതിനാൽ അവസാനിക്കുന്നില്ല എന്നേ ഞാൻ പറയൂ. ഗൗതമന്റെ സഞ്ചാരങ്ങൾ തുടർനോവലുകളായി വരട്ടെ എന്നാണാഗ്രഹം. അതിന് ആശംസിക്കുന്നു. എന്നെ വായനയിലേക്കും എഴുത്തിലേക്കും വാത്സല്യപൂർവ്വം പ്രചോദിപ്പിച്ച സിദ്ധേട്ടന്റെ നോവൽ വിനയത്തോടെയും അഭിമാനത്തോടെയും വായനക്കാർക്കു നീട്ടുന്നു.

*(പൂർണ പ്രസിദ്ധീകരിച്ച സിദ്ധാർത്ഥൻ പരുത്തിക്കാടിന്റെ 'ആപ്തം' എന്ന നോവലിനെഴുതിയ അവതാരിക)*



കവിത

# മീൻമണമുള്ള ഉച്ചനേരങ്ങളിൽ



മനു കാരയാട്

**മീ**ൻകറിയും കൂട്ടി
ഉച്ചയൂണ് കഴിക്കാൻ
വീട്ടിലെത്താമെന്ന് ഉറപ്പുകൊടുത്തവർ
മടങ്ങുമ്പോൾ
മീൻചന്തയ്ക്ക്
മുന്നിലൂടെ പോകണം.
അയല, വാള, കാരി, മത്തി
പലതരം പേരുകളിൽ
മീനുകൾ നിങ്ങളെ
അടുത്തേക്ക് മാടിവിളിക്കും!
ചത്തവയെന്ന് തോന്നുമെങ്കിലും
ചെകിളകൾ മിടിച്ചുകൊണ്ടിരിക്കും
കണ്ണുകളിൽ
ജീവന്റെ മരിക്കാത്ത തുടിപ്പ്
ഓളം തീർക്കും.
നോക്കി നോക്കിനിൽക്കെ
മീനുകളിൽ പകുതിയും
ചന്തയിലെ
പഴയകാല മീൻകാരിപ്പെണ്ണുങ്ങളാകും!
തേരട്ടവരകളുള്ള
കള്ളിമുണ്ടുടുത്ത്
കടുംനിറമുള്ള ബ്ലൗസ്സണിഞ്ഞ്
അരവയർപുറത്തുകാട്ടി
'പെടയ്ക്കണമീൻ.... പെടയ്ക്കണമീൻ'
എന്നുച്ചത്തിലും താളത്തിലും
ചിലച്ചുകൂവി
നിങ്ങളെ ആകർഷിക്കുന്നതായി തോന്നും
ഒരു കിലോ മീനിന്റെ വിലയെന്തെന്ന്
നിങ്ങൾ ചോദിക്കാൻ മറക്കും
'രണ്ടു കിലോയങ്ങ് തൂക്കട്ടെ സാറെ'
എന്ന ശൃംഗാരമൊഴിയിൽ
നിങ്ങൾ മൗനസമ്മതം നൽകും.
അയല, കാരിയെയും
വാള, മത്തിയെയും
ഒളികണ്ണിട്ടുനോക്കും
മീൻകാരി പെണ്ണുങ്ങൾ നോക്കുന്ന
അതേ ഭാവത്തിൽ
തൂക്കിയ മീൻ
കരിവളക്കിലുക്കത്തിൽ
മുന്നിലേക്ക് നീട്ടുമ്പോൾ
നിങ്ങളവരുടെ വിരലുകളിലൊന്നു
തൊട്ടുനോക്കൂ....!
പൊടുന്നനെ
പെണ്ണുടൽ വെടിഞ്ഞ്
മീനുകളെല്ലാം
ഒരേവേഗത്തിൽ
ഒരേ താളത്തിൽ
തിരവിളിക്കും കടലിൽ
മുങ്ങിമറിയും!
അപ്പോഴൊക്കെയും
തുഴയൊടിഞ്ഞതോണിക്കാരിയെപ്പോലെ
ഓരോ വീടുകളിലും
ചൂണ്ട കുരുങ്ങിയ ഒറ്റമീനുകൾ
ചെകിളവിടർത്തി
കടലിനെയും കാത്തിരിക്കും!

●



കഥ

# കടൽ

## വി.ആർ. ഗോവിന്ദനുണ്ണി

സമുദ്രതീരത്തുള്ള ഒരിടത്തരം ഹോട്ടലിൽ ഇരിക്കുകയായിരുന്നു ഞാൻ. ഇളകിമറിയുന്ന സമുദ്രത്തിന്റെ ശബ്ദം അന്തരീക്ഷത്തിൽ താളംപിടിക്കുന്നതുമാത്രമാണ് കേൾക്കുവാനുള്ളത്.

എനിക്കെതിരായി ഒരു വൃദ്ധൻ ഇരുന്നിരുന്നു. കീറിപ്പറിഞ്ഞ കോട്ടോടും ക്ഷൗരം ചെയ്യാത്ത മുഖത്തോടുംകൂടിയ അയാൾ അസ്വസ്ഥനെപ്പോലെ കാണപ്പെട്ടു. ഒരു പരാജിതന്റെ മുഖഭാവമാണ് അയാൾക്കുണ്ടായിരുന്നത്.

അയാൾ ആരെയോ പ്രതീക്ഷിക്കുകയായിരുന്നുവെന്നു തീർച്ച. ഇടക്കിടക്ക് പുറത്തേക്കു നോക്കുന്നതും ദൃഷ്ടികൾ പിൻവലിക്കുന്നതും കാണാമായിരുന്നു.

ഒരു നനഞ്ഞകാറ്റ് പതുക്കെപ്പതുക്കെ അകത്തേക്കു കടന്നുവന്നു. അങ്ങകലെ പോർട്ടോഫീസിലെ വിളക്കുകൾ പ്രകാശിക്കുന്നുണ്ട്.

പെട്ടെന്നയാൾ എഴുന്നേറ്റ് വാതിൽക്കലേക്കു ചെന്നു. കുനിഞ്ഞിരുന്നു വാത്സല്യത്തോടെ എന്തോ പറയുകയും തലോടുകയും ചെയ്തു. എന്നിട്ട് കൗണ്ടറിലേക്കു നടന്നുചെന്ന് ഒരുപിടി ചില്ലറ നാണയങ്ങൾ വെച്ചു പരുക്കൻസ്വരത്തിൽ ആവശ്യപ്പെട്ടു.

''ഒരു റൊട്ടി.''

റൊട്ടിയുമെടുത്തുകൊണ്ട് അയാൾ പഴയ സ്ഥാനത്തു വന്നിരുന്നു. അപ്പോൾ മേശയ്ക്കു ചുവട്ടിൽ വെളുത്തരോമങ്ങളോടുകൂടിയ ഒരു നായും ഉണ്ടായിരുന്നു.

ഞാൻ നോക്കിയിരിക്കുമ്പോൾ അയാൾ ഓരോ കഷണങ്ങളായി റൊട്ടി പൊട്ടിച്ചെടുത്ത് നായക്ക് ഇട്ടുകൊടുത്തു. എല്ലാം തീർന്നപ്പോൾ പറഞ്ഞു.

''ഇനി നാളെയാവട്ടെ.''

അതു സാവധാനത്തിൽ പുറത്തേക്കു പോയി. കുറച്ചുനേരം അതിനെ നോക്കിയതിനുശേഷം തിരിഞ്ഞിരുന്ന് വികൃതമായ സ്വരത്തിൽ എന്നോടു ചോദിച്ചു.

''ഒരു സിഗരറ്റ് തരാമോ?''

എനിക്കാരോടെങ്കിലും സംസാരിക്കുവാൻ ഉൽക്കടമായ ആഗ്രഹം ഉണ്ടായിരുന്നു. കൂടാതെ അയാളെ പണ്ട് പരിചയമുണ്ടായിരുന്നുവെന്നും അകാരണമായി എനിക്കു തോന്നി.

സിഗരറ്റു നീട്ടിയിട്ടു ഞാൻ ചോദിച്ചു.

''ആ നായ് നിങ്ങളുടേതാണോ?''

അയാൾ നിശ്ശബ്ദമായി തലയാട്ടി.

''നിങ്ങൾ വളർത്തുന്നതാണോ?''

''അല്ല.''

''ക്ഷമിക്കണം. ഞാൻ ചോദിക്കുന്നതുകൊണ്ട് തെറ്റിദ്ധരിക്കരുത് – അതിനെ നിങ്ങൾ വളർത്തിയിരുന്നതാണോ?''

''അല്ല, അല്ല. അതിനെ ആരും വളർത്തിയിട്ടില്ല. വളർത്തുന്നുമില്ല. അജ്ഞാതനായ ഒരു നായ് അതിനു ജന്മം കൊടുത്തു. പെരുവഴിയിൽ അതു വളർന്നുവന്നു. നാളെ ഒരുപക്ഷേ, അവിടെത്തന്നെ മരിച്ചു കിടക്കുകയും ചെയ്യും. ഒരു നിമിഷത്തിനുശേഷം വീണ്ടും പറഞ്ഞു: ''ഞാനും അതിനെപ്പോലെയാണ്, എന്നെ ആരും വളർത്തിയില്ല, വളർത്തുന്നുമില്ല, ഞങ്ങൾ രണ്ടുപേരും ലോകത്തിന് ഉപകാരമില്ലാത്തവരാണ്.''

ഒരു പ്രത്യേക പട്ടണത്തിൽ മാത്രം കണ്ടുവന്നിരുന്ന സുന്ദരികളായ സ്ത്രീകളെക്കുറിച്ചും മരങ്ങളിൽ നിന്ന് ഇറ്റിറ്റു വീഴുന്ന മഞ്ഞിനെക്കുറിച്ചും തണുത്ത ബിയറിനെക്കുറിച്ചും, തിളങ്ങുന്ന തൂവലുകളുള്ള പക്ഷികളെക്കുറിച്ചും, സ്ഫടികം പൊട്ടിച്ചി തറുന്നതുപോലെ ജലകണങ്ങൾ ചെന്നു വീഴുന്ന പാറക്കൂട്ടങ്ങളെക്കുറിച്ചും വാചാലമായി സംസാരിച്ചിരുന്ന ഒരു മനുഷ്യനെ ഞാൻ ഒരു തീവണ്ടിയാത്രക്കിടയിൽ പരിചയപ്പെടുകയുണ്ടായിട്ടുണ്ട്. ആ മനുഷ്യനെക്കുറിച്ചാണ് അപ്പോൾ ഞാൻ ഓർത്തത്.

''നിങ്ങൾ ഒരു സഞ്ചാരിയാണെന്ന് ഞാൻ ഊഹിക്കുന്നു.'' അയാൾ പറഞ്ഞു.

''അതെ.''

''എങ്കിൽ, നിങ്ങൾ'' തുറിച്ചുനോക്കിക്കൊണ്ട് ചോദിച്ചു – ''നിങ്ങൾ എന്തിന് ഇവിടേക്കു വന്നു?''

ഞാനൽപ്പം പതറിപ്പോയി എന്നാണ് വാസ്തവം. പരിഭ്രമം തോന്നിയെങ്കിലും പറഞ്ഞു.

''ഈ സ്ഥലത്തിന്റെ മനോഹാരിതയെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്, പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്.''

''അതെ, അതെ.'' എന്നെത്തുടരാനനുവദിക്കാതെ അയാൾ അസ്വസ്ഥതയോടെ പറഞ്ഞു, ''ഈ സ്ഥലത്തിന്റെ ബാഹ്യരൂപത്തെക്കുറിച്ച് നിങ്ങൾക്ക് എല്ലാം അറിയാം, എന്നാൽ ഞാൻ വീണ്ടും ഊഹിച്ചതുപോലെതന്നെ ഇതിന്റെ ആന്തരികവൈകൃതത്തെക്കുറിച്ച് നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ.''


## കഥകളുടെ മഹാപ്രപഞ്ചം




യു.കെ. കുമാരന്റെ
**സമ്പൂർണ്ണകഥകൾ**

വൈവിധ്യമാർന്ന കാലദേശങ്ങളെ ഉൾക്കൊള്ളുന്ന 112 കഥകളുടെ ബൃഹദ് സമാഹാരം!

പഠനം : ഡോ. രാജേന്ദ്രൻ എടത്തുംകര

ഹാർഡ് ബൗണ്ട് / ഡീലക്സ് പതിപ്പ് / 800 പേജ്

മുഖവില 1000/–

പ്രത്യേക വില 650/– മാത്രം

available at amazon

Online Bookstore: www.tbsbook.com

PH: 9746473334

''സത്യം.''

''ഇവിടേക്കുവരുന്ന എല്ലാവരുടേയും സ്ഥിതി ഇതുതന്നെയാണ്. പുറംമോടി മാത്രം കണ്ട് ഭ്രമിച്ച് ഓടിവരുന്നു. ഇതിന്റെ യഥാർത്ഥത്തിലുള്ള വൈകൃതരൂപം കാണുമ്പോൾ അവരെല്ലാം തിരിച്ചോടി പോകുമെന്നെനിയ്ക്കുറപ്പുണ്ട്.''

അങ്ങിനെ ചുഴിഞ്ഞുനോക്കുകയാണെങ്കിൽ എല്ലാ സ്ഥലങ്ങളെക്കുറിച്ചും പ്രകടിപ്പിക്കാവുന്ന ഒരഭിപ്രായമാണിത്.''

അയാൾ മറുപടി പറഞ്ഞില്ല, കടലിന്റെ ദുഃഖ സംഗീതം ശ്രവിക്കുന്നതു പോലെ കാണപ്പെട്ടു.

നായ്ക്കളുടെ അലസമായ കുരയും തീവണ്ടിയുടെ ചൂളംവിളിയും ഇരുട്ടിനെ കീറിമുറിക്കുന്നുണ്ടായിരുന്നു.

''നിങ്ങൾക്കു കേൾക്കണോ?'' വേണമെന്നോ വേണ്ടെന്നോ എനിക്കു പറയാൻ ഇടകിട്ടുന്നതിനുമുൻപ്, അയാൾ പറഞ്ഞുതുടങ്ങി. ''എനിക്കൊരു മകനുണ്ടായിരുന്നു.'''

ഞാൻ വാച്ചിലേയ്ക്കു നോക്കി. ഹോട്ടൽ അടയ്ക്കുവാൻ ഇനിയും സമയമുണ്ട്. അതുകൊണ്ടു ശ്രദ്ധിച്ചു.

''എനിക്കൊരു മകനുണ്ടായിരുന്നു. ആരെങ്കിലും അതു നിഷേധിക്കുവാൻ ഒരുമ്പെട്ടേക്കുമെന്ന് ഭയപ്പെടുന്ന സ്വരത്തിൽ അയാൾ ആവർത്തിച്ചു. അവനെ വളർത്തിക്കൊണ്ടുവന്നത് ഞാനാണ്. അവനെ വിദ്യാഭ്യാസം ചെയ്യിച്ചതും ഞാനാണ്. അവന് വസ്ത്രങ്ങൾ കൊടുത്തിരുന്നത് ഞാനാണ്, ഭക്ഷണം കൊടുത്തിരുന്നതും ഞാനാണ്. നിങ്ങൾ കേൾക്കുന്നുണ്ടോ?''

''ഉവ്വ്.''

''പ്രായപൂർത്തിയെത്തുന്നതുവരേയും അവൻ എന്റെ കൂടെയുണ്ടായിരുന്നു. തുടർന്നും അവൻ എന്റെ കൂടെ ഉണ്ടായിരിക്കുമായിരുന്നു, എന്നാൽ ഇവിടെയുള്ളവർ ഞങ്ങളെ അതിനനുവദിച്ചില്ല.''

''കാരണം?''

കാരണം, ദുഃഖസാന്ദ്രമായ സ്വരത്തിൽ, അയാൾ തുടർന്നു. ''അവൻ ജീവിതത്തിൽ ചെയ്തിട്ടുള്ള ഏറ്റവും വലിയ വിഡ്ഢിത്തം അക്കാലത്തു പ്രവർത്തിച്ചു.''

അതെന്താണെന്ന് ചോദിക്കാനുള്ള കരുത്ത് എനിക്കുണ്ടായിരുന്നില്ല. അയാൾ പറയുന്നത് കേൾക്കാൻ തന്നെ തീർച്ചയാക്കി.

''അവൻ ഒരു പെൺകുട്ടിയെ സ്നേഹിച്ചു. അവൻ ഒരു പെൺകുട്ടിയെ സ്നേഹിച്ചതിൽ ആർക്കും വിരോധമുണ്ടാകാൻ ഇടയില്ലായിരുന്നു. എന്നാൽ അവൻ സ്നേഹിച്ചതു അവന്റെ മുതലാളിയുടെ മകളെ തന്നെയായിരുന്നു.... അല്ലെങ്കിലും വരുംവരായ്കകളെക്കുറിച്ചു ചിന്തിക്കുവാൻ ആ പ്രായത്തിൽ കഴിവുകുറവായിരിക്കുമല്ലോ?''

അതിനനുകൂലമായും പ്രതികൂലമായും ഞാൻ ഒന്നും പറഞ്ഞില്ല. എന്തായാലും കഥയുടെ തുടക്കം എന്നെ ആകർഷിച്ചിരുന്നു.

''അവൾക്കിവനേയും ഇഷ്ടമായിരുന്നു എന്നുവേണം വിചാരിക്കുവാൻ. എന്നാൽ അവൾ മാത്രം ഇഷ്ടപ്പെട്ടാൽ മതിയായിരുന്നില്ല. അവളുടെ അച്ഛന് ഇതുകേട്ടപ്പോൾ ഉണ്ടായ വികാരമെന്താണെന്നു നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമായിരിക്കും അല്ലേ?''

ഞാൻ തലയാട്ടി. എന്റെ അനുഭവങ്ങൾക്കും ഇതുമായി സാദൃശ്യമുണ്ട്.

ഒരു പേപ്പട്ടിയെപ്പോലെ അയാളും അയാളുടെ ആൾക്കാരും അവനെ വേട്ടയാടി. അവനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. അവകാശം ചോദിക്കുവാൻ ചെന്നപ്പോൾ അടിച്ചവശനാക്കി. ചുരുക്കത്തിൽ അവന്റെ സ്വൈരജീവിതം നശിപ്പിച്ചു. അവന് നിൽക്കക്കള്ളി ഇല്ലാതെയായി.''

വെയിറ്ററോട് ആരോ ഉച്ചത്തിൽ വഴക്കുകൂ


# പൂർണയിലേയ്ക്ക് രചനകൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

'പൂർണ'യിലേയ്ക്ക് പ്രസിദ്ധീകരണാർത്ഥം രചനകൾ അയയ്ക്കുന്നവർ അവയുടെ കോപ്പി സൂക്ഷിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത രചനകൾ ഒരു കാരണവശാലും തിരിച്ചുതരുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: പബ്ലിക്കേഷൻ വിഭാഗം, പൂർണ പബ്ലിക്കേഷൻസ്, ടി.ബി.എസ്. ബിൽഡിങ്സ്, ജി.എച്ച്. റോഡ്, മുതലക്കുളം, കോഴിക്കോട് – 1. ഫോൺ: 7560822223.

ടുന്നതിന്റെ ശബ്ദം കേട്ടു. അങ്ങോട്ടൊന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ അയാൾ തുടർന്നു.

''രാജ്യം വിടുകയല്ലാതെ മറ്റൊരു മാർഗ്ഗവും അവനുണ്ടായിരുന്നില്ല. ജീവൻ രക്ഷിക്കാൻവേണ്ടി ഒരു രാത്രി അവൻ ഒളിച്ചോടി പട്ടാളത്തിൽ ചേർന്നുവെന്നാണ് കേട്ടിട്ടുള്ളത്. എന്തായാലും പിന്നീടവനെക്കുറിച്ച് ഒരു വിവരവുമില്ല. അങ്ങിനെ വയസ്സുകാലത്ത് എനിക്കു ഏക ആശ്രയമാകുമായിരുന്ന മകൻ നഷ്ടപ്പെട്ടു.''

അയാളെ സമാധാനിപ്പിക്കാൻ ഞാൻ ഒരുങ്ങുകയായിരുന്നു. എന്നാൽ എനിക്കതിനു സമയം കിട്ടിയില്ല.

നിശ്ശബ്ദമായി നിന്നു ഞാനതെല്ലാം നോക്കിക്കണ്ടു. ദുഃഖത്തോടെ ഞാനിടപെട്ടതാണെങ്കിൽ, ഒരുപക്ഷേ, അവനു സമാധാനമായി ജീവിക്കാൻ കഴിഞ്ഞിരിക്കുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? അയാൾ ചോദിച്ചു.

അപ്പോഴും എന്താണ് മറുപടി പറയേണ്ടതെന്നു എനിക്ക് അറിയില്ലായിരുന്നു. അയാളുടെ മുഖത്തേക്കുനോക്കി ഇരിക്കുകമാത്രം ചെയ്തു.

''എന്തായാലും ഞാനങ്ങനെ കരുതുന്നില്ല. ഞാനിടപെട്ടാലും എനിക്കു കാര്യമായൊന്നും പ്രവർത്തിക്കാൻ കഴിയുമായിരുന്നില്ല.''

''നിങ്ങൾക്ക് ഇപ്പോൾ സമാധാനിക്കാം. ഒരുപക്ഷേ, അവൻ ഇവിടെത്തന്നെ കഴിച്ചുകൂട്ടിയതായിരുന്നെങ്കിൽ കൂടുതൽ വിഷമങ്ങൾ നിങ്ങൾക്ക്....''

മേശമേൽ താളം പിടിച്ചുകൊണ്ടിരിക്കുകയായിരുന്നു അയാൾ. പെട്ടെ ന്നതുനിർത്തി ഉച്ചത്തിൽ പറഞ്ഞു.

''ഇല്ല, ഒരിക്കലുമില്ല. അവൻ എനിക്കൊരു ബുദ്ധിമുട്ടാകുമായിരുന്നില്ല. നേരെമറിച്ച് എനിക്കൊരു സഹായമാവുമായിരുന്നു – എനിക്കതു തീർച്ചയാണ്.''

സംഭാഷണം അസുഖകരമായ രംഗത്തിലേക്കു വഴുതിപോകുന്നത് സ്വാഭാവികമായും ഞാൻ ഇഷ്ടപ്പെട്ടില്ല.

''അതു നല്ല അർത്ഥത്തിൽ തന്നെയാണ് ഞാൻ ഉദ്ദേശിച്ചത്.'' സ്വയം ന്യായീകരിക്കാൻ ശ്രമിച്ചുകൊണ്ടു ഞാൻ പറഞ്ഞു.

അതെനിക്കു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. എന്നിട്ടയാൾ ആവർ ത്തിച്ചു. ''അവൻ എനിക്കൊരു സഹായമാകുമായിരുന്നു.''

മയക്കത്തിൽ നിന്നെഴുന്നേറ്റ സമുദ്രത്തിന്റെയും കാറ്റ് ഓടിനടക്കുമ്പോൾ ചൂളം വിളിക്കുന്ന ദേവദാരു വൃക്ഷങ്ങളുടേയും ശബ്ദം. ഹോട്ടലിനുള്ളിൽ അല്പാല്പമായി വർദ്ധിച്ചുകൊണ്ടിരുന്ന തിരക്കുമായി കൂടിക്കലർന്നു ഞങ്ങളെ സ്പർശിച്ചുകൊണ്ടിരുന്നു. അതും അന്തരീക്ഷത്തിൽ ചുറ്റിപ്പറ്റി നിന്നിരുന്ന അസ്വസ്ഥമായ ഗന്ധവും ഒരിക്കലും പൊരുത്തപ്പെടാൻ കഴിയാത്തതായിരുന്നു.

''നിങ്ങൾക്കു അടുത്ത ബന്ധുക്കളായി മറ്റാരെങ്കിലും ഉണ്ടായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.''

''ഉണ്ട്. എനിക്കൊരു മകളുണ്ട്.'' ഒരു പ്രത്യേക സ്വരം പുറപ്പെടുവിച്ചു കൊണ്ട് അയാൾ തുടർന്നു. ''ഉണ്ടായിരുന്നു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.''

''ഭാര്യ''

''അവൾ മരിച്ചുപോയി. അവൾ ജീവിച്ചിരുന്നെങ്കിൽ എനിക്കു മറ്റാരുടെയും കരുണ ആവശ്യമുണ്ടാകുമായിരുന്നില്ല.'' മുഖം പൊത്തി അയാൾ കുനിഞ്ഞിരുന്നു.

''എന്റെ ജീവിതത്തിലെ സൂര്യപ്രകാശമായിരുന്നു അവൾ. അത് ''എന്നെന്നേയ്ക്കുമായി അണഞ്ഞുപോയി.'' അയാൾ ഖേദത്തോടെ പറഞ്ഞു – അവൾ.''

പെട്ടെന്നയാൾ വിങ്ങിപ്പൊട്ടി, ശബ്ദം തൊണ്ടയിൽ തടഞ്ഞുനിന്നു.

അയാളുടെ പെരുമാറ്റം കുറച്ചൊക്കെ വിചിത്രമായിതോന്നാൻ തുടങ്ങിയിരുന്നു. എങ്കിലും എന്നെ ആകർഷിക്കാൻ പര്യാപ്തമായ എന്തോ ഒന്ന് അതിലുണ്ടായിരുന്നു.

ഒരു ദീർഘനിശ്വാസത്തോടെ അയാൾ പറഞ്ഞു. ''അവൾ മരിച്ചുപോയി, അതെ അവൾ മരിച്ചുപോയി.''

''അപ്പോൾ നിങ്ങളുടെ മകൾ നിങ്ങളെ നോക്കുന്നുണ്ടായിരിക്കുമല്ലോ?'' അയാളെ സമാധാനിപ്പിക്കാനെന്നവണ്ണം അയാൾ ചോദിച്ചു.

കുറച്ചുനേരത്തേയ്ക്കു അയാൾ മറുപടി പറഞ്ഞില്ല. എന്തോ ചിന്തിക്കുന്നതുപോലെ കാണപ്പെട്ടു.

''അവൾ... അവളും മരിച്ചില്ല. ഇന്ന് ഈ ലോകത്തിലല്ലെന്നു മാത്രം.''

ഈ വാക്കുകളിൽ നിന്ന് എന്തെങ്കിലും വ്യക്തമായി മനസ്സിലാക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു. അയാൾ ആ വാക്കുകൾകൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്ന് എനിക്ക് ഊഹിച്ചെടുക്കാൻപോലും കഴിഞ്ഞില്ല.

''നിങ്ങൾക്കത് കേൾക്കാൻ സമയമുണ്ടായിരി

ക്കുമോ?''

''തീർച്ചയായും.''

''എന്റെ മകനെപ്പോലെയായിരുന്നില്ല മകൾ, അവൾ ജീവിച്ചിരുന്നെങ്കിൽ എനിക്കൊരു ബുദ്ധി മുട്ടാകുമായിരുന്നു. കാരണം അവളുടെ സ്വഭാവം അത്തരത്തിലൊന്നായിരുന്നു. അവളേയും വളർത്തിക്കൊണ്ടുവന്നതു ഞാനാണ്. വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു – ഞാൻ ചെയ്ത മറ്റൊരു വിഡ്ഢിത്തരമാണത്. അവന്, അവളുടെ ഭർത്താവിന്, എന്റെ പണത്തിലായിരുന്നു കണ്ണ്. ഞാൻ കൊടുത്തതെല്ലാം അവൻ നശിപ്പിച്ചു. സന്ധ്യയ്ക്ക് കുടിച്ചുവന്നു വഴക്കുണ്ടാക്കുക ഒരു പതിവായിത്തീർന്നു. ഒരു ദിവസം ഞാനിപ്പോഴും നല്ലപോലെ ഓർക്കുന്നു. എന്തോ ഒരു നിസ്സാരകാര്യത്തെച്ചൊല്ലി രണ്ടുപേരും തമ്മിൽ വഴക്കായി. ഞാൻ എന്റെ ചെറിയ മുറിയിൽ ഇരിക്കുകയായിരുന്നു. ജനൽപ്പാളികളിലൂടെ എനിക്കെല്ലാം കാണാം – അവൻ അവളെ അടിച്ചു. അവൾ അതിനു മറുപടിയായി എന്തോ പറഞ്ഞു... അപ്പോൾ, അപ്പോൾ അവൻ അരയിൽനിന്ന് കത്തി ഊരിയെടുത്തു....''

അയാളുടെ മുഖത്തും, നെറ്റിയിലും മൂക്കിലും വിയർപ്പുതുള്ളികൾ തൂങ്ങിനിന്നിരുന്നു. നെറ്റിയിലേക്കു വീണുകിടക്കുന്ന ചെമ്പൻ മുടിയിഴകളും ചുവന്ന കണ്ണുകളും അപ്പോഴാണ് ശ്രദ്ധയിൽ പെട്ടത്.

''ഞാൻ ഭയത്തോടെ കണ്ണുകളടച്ചു. എന്റെ മകൾ ഉച്ചത്തിൽ നിലവിളിക്കുന്നത് മാത്രമാണ് പിന്നീട് ഞാൻ കേട്ടത്.''

ഭയം എന്നെ പിടികൂടി, സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടു.

''നിങ്ങൾ എന്താണ് ആലോചിക്കുന്നത്?''

ഞാൻ അയാളുടെ മുഖത്തേയ്ക്കു നോക്കി വളരെ ശാന്തമായിരുന്നു. ആ മുഖം... ഞാൻ വീണ്ടും നോക്കി. അയാളെ എവിടെയോ കണ്ടു മറന്നതുപോലെയും, വളരെക്കാലം മുമ്പ് പരിചയമുണ്ടായിരുന്നതുപോലെയും എനിക്കു തോന്നി.

പരുക്കൻ കൈകൊണ്ട് മുഖംതുടച്ച് അയാൾ പറഞ്ഞു.

''അവൾക്കെന്തുപറ്റി എന്നായിരിക്കുമല്ലെ നിങ്ങൾ ആലോചിക്കുന്നത്.... ശരിയാണ്....'' പതുക്കെ എഴുന്നേറ്റുനിന്ന് തുടർന്നു, ''അവൾ മരിച്ചു. അല്ല, അല്ല അവൾ കൊല്ലപ്പെട്ടു. അതെ കൊല്ലപ്പെട്ടു.''

കൂടുതലൊന്നും പറയാതെയും ആരുടെയും മുഖത്തു നോക്കാതെയും അയാൾ എഴുന്നേറ്റ് വേഗത്തിൽ നടന്നു പുറത്തേക്കുപോയി. അയാളുടെ കാക്കിഷർട്ട് പുറത്തേ ഇരുട്ടിൽ ലയിച്ചു ചേർന്നു കഴിഞ്ഞപ്പോഴും ഞാൻ സ്തബ്ധനായിരുന്നു.

കൈകൊണ്ട് മുഖം പൊത്തി ഞാൻ തലകുനിച്ചിരുന്നു. സ്റ്റേഷൻ വിട്ട തീവണ്ടിയുടെ ശബ്ദവും ഇരുട്ടിൽ കലമ്പൽ കൂട്ടുന്ന നായ്ക്കളുടെ കുരയും അന്തരീക്ഷത്തിൽ കിടന്നുമുഴങ്ങി. പണ്ടെങ്ങോ വായിച്ചൊരു വാക്യവും അപ്പോൾ എന്റെ മനസ്സിലുണ്ടായിരുന്നു. ഭയങ്കരമായ ഒരു കാലത്ത് ഭയങ്കരമായ ഹൃദയങ്ങൾ ജീവിക്കുന്നു.''

മുഖമുയർത്തിയപ്പോൾ ഹോട്ടൽ മാനേജർ മുമ്പിൽ നിൽക്കുന്നുണ്ടായിരുന്നു.

''നിങ്ങൾ അയാളുമായി സംസാരിക്കുകയായിരുന്നുവല്ലെ?''

ഞാൻ സാവധാനത്തിൽ തലയാട്ടി.

''അയാൾ എന്തൊക്കെയാണ് പറഞ്ഞത്?''

ആ ചോദ്യത്തിന് ഞാൻ ഉത്തരം പറഞ്ഞില്ല. ഒരു വിഡ്ഢിയെപ്പോലെ മാനേജരുടെ മുഖത്തേക്ക് നോക്കിയിരിക്കുകമാത്രം ചെയ്തു. മാനേജർ അത്ര നേരവും ഞങ്ങളെ ശ്രദ്ധിക്കുകയായിരുന്നുവെന്നു ഞാൻ കണക്കാക്കി.

''വേണ്ട, നിങ്ങൾ വിഷമിക്കണമെന്നില്ല.''

മാനേജർ പറഞ്ഞു. ''അയാൾ എന്തൊക്കെയാണ് പറഞ്ഞിട്ടുണ്ടാവുകയെന്ന് എനിക്കറിയാം. ദിവസം ചുരുങ്ങിയത് ഒരാളോടെങ്കിലും അയാൾ പറയുന്നതാണ് ഈ കഥയെല്ലാം. പാവം തലയ്ക്കു നല്ല സുഖമില്ല.''

എനിക്കു വിസ്മയം അടക്കിവെക്കാൻ കഴിഞ്ഞില്ല. അത് വിസ്മയമായിരുന്നില്ല. അദ്ഭുതമായിരുന്നില്ല, മറ്റെന്തോ ആയിരുന്നു. ഒരു പ്രത്യേക തരത്തിലുള്ള ശബ്ദം ഞാനറിയാതെത്തന്നെ എന്നിൽ നിന്ന് പുറപ്പെട്ടു.

''അതേ.'' മാനേജർ ഓരോ അക്ഷരങ്ങളായി ഉച്ചരിച്ചു. ''അയാൾക്ക് ഭ്രാന്താണ്.''

എന്തുകൊണ്ടാണെന്നറിഞ്ഞില്ല, എനിക്കെതിർക്കാനുള്ള പ്രേരണ തോന്നി. ഞാൻ മാനേജരോടു ചോദിച്ചു.

''ആ മനുഷ്യൻ വ്യക്തമായും സുബോധത്തോടുകൂടിയും സംസാരിക്കുന്നുണ്ട്.''

''അതെ. അതുകൊണ്ടുതന്നെയാണ് അവർ അയാളെ പുറത്തെല്ലാം ഇറങ്ങിനടക്കുന്നതിനനുവദിച്ചിട്ടുള്ളതും.''

അയാളുടെ കഥയും വിശ്വസനീയമായി തോന്നി.

കീഴടങ്ങാൻ കൂട്ടാക്കാതെ ഞാൻ പറഞ്ഞു.

''വിശ്വസനീയമായി നിങ്ങൾക്കു തോന്നിയിരിക്കാം. എന്നാൽ അതൊട്ടും ശരിയല്ല എന്നാണ് വാസ്തവം. മകൾ കൊല്ലപ്പെട്ടുവെന്നാണല്ലോ അയാൾ പറഞ്ഞത്. അത് തെറ്റാണ്. അയാൾ ആ മകളുടെ കൂടെയാണ് ഇപ്പോൾ താമസിക്കുന്നത്. അവളും അവളുടെ ഭർത്താവുമാണ് വയസ്സുകാലത്ത് കിഴവനെ ശുശ്രൂഷിക്കുന്നത്. ആ കുട്ടിയാകട്ടെ അയാളുടെ യഥാർത്ഥ മകളല്ല, വളർത്തുമകളാണ്.''

''ഭാര്യ?''

''ഭാര്യയില്ല. അയാൾ ഒരിക്കലും വിവാഹം ചെയ്തിട്ടില്ല. പക്ഷേ, മകൻ പോയതിനുശേഷം അയാളുടെ ജീവിതം വേശ്യാലയങ്ങളിലായിരുന്നു. അവിടെ വെച്ച് ഒരടിലഹളയിൽ കുത്തേറ്റ് മുഖത്തിന്റെ രൂപം തന്നെ ഒട്ടാകെ മാറിപ്പോയി. പാവം.''

അയാളുടെ വീടെവിടെയാണെന്ന് പെട്ടെന്ന് ഞാൻ ചോദിച്ചു.

മാനേജർ സ്ഥലത്തിന്റെ പേരു പറഞ്ഞു.

അതു കേട്ടപ്പോൾ എന്റെ മനസ്സിലൂടെയും കൺമുമ്പിലൂടെയും പലതും കടന്നു പോകുന്നതുപോലെ തോന്നി. എനിക്കാ മനുഷ്യനെ ഉടനെ തന്നെ തിരഞ്ഞു കണ്ടുപിടിക്കുവാൻ അതിയായ ആഗ്രഹമുണ്ടായി.

''എങ്കിൽ ശരിയാണ്.'' ധൃതിയിൽ എഴുന്നേറ്റുകൊണ്ടു ഞാൻ പറഞ്ഞു. ''നിങ്ങൾ പറഞ്ഞതത്രയും ശരിയാണ്. ആ മകനും വളർത്തുപുത്രനായിരുന്നു. അയാളുടെ മരിച്ചുപോയ സഹോദരന്റെ പുത്രൻ.''

മാനേജരുടെ മുഖത്ത് അദ്ഭുതം കാണാമായിരുന്നു. ''ഈ കാര്യം നിങ്ങൾക്കെങ്ങനെ അറിയാം?'' മാനേജർ ചോദിച്ചു. ''അയാളുടെ വളർത്തുപുത്രൻ അവനിഷ്ടപ്പെട്ട പെൺകുട്ടിയേയും കൊണ്ട് വളരെ കൊല്ലങ്ങൾക്കുമുമ്പ് സ്ഥലംവിട്ടുവെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. നിങ്ങൾ പരിചയമായിരുന്നോ?''

''അതെ ഞങ്ങൾ പരിചയമായിരുന്നു. കാരണം ആ മകൻ ഇതാ ഈ നിൽക്കുന്ന ഞാൻ തന്നെയാണ്.''

*(പൂർണ പ്രസിദ്ധീകരിക്കുന്ന 'വി. ആർ. ഗോവിന്ദനുണ്ണിയുടെ കഥകൾ' എന്ന സമാഹാരത്തിൽ നിന്ന്.)*

---

## ആനന്ദൻ ചെറായി ബാലസാഹിത്യ പുരസ്കാരം



**പൂ**ർണ പ്രസിദ്ധീകരിച്ച പ്രേമജ ഹരീന്ദ്രന്റെ 'പൂമാല' എന്ന കൃതി ആനന്ദൻ ചെറായി ബാലസാഹിത്യ പുരസ്കാരത്തിന് അർഹമായി. പ്രശസ്ത ബാലസാഹിത്യകാരൻ സിപ്പി പള്ളിപ്പുറം പുരസ്കാരം സമ്മാനിച്ചു.

പൂർണ ബാലസാഹിത്യമാല സമ്മാനപ്പൊതി സീസൺ 7 ൽ ഉൾപ്പെട്ട രചനയാണിത്.

# അഞ്ജലി രാജീവിന് ഇന്റർനാഷണൽ ടാഗോർ അവാർഡ്






**ന്യൂ**ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ഡി.ആർ.ഡി.സി ഗ്ലോബൽ വിവിധ ഭാരതീയ ഭാഷാഗ്രന്ഥങ്ങൾക്കായി ഏർപ്പെടുത്തിയ അന്താരാഷ്ട്ര ടാഗോർ പുരസ്കാരത്തിന് അഞ്ജലി രാജീവ് അർഹയായി. അക്ഷരാചാര്യൻ പി. എൻ. പണിക്കരുടെ ജീവിതകഥ പറയുന്ന അക്ഷരലഹരി എന്ന പുസ്തകരചനയ്ക്കും, 'ബുദ്ധവെളിച്ചം' എന്ന പുസ്തകത്തിലെ ബുദ്ധചിത്രങ്ങൾക്കുമാണ് പുരസ്കാരം.

# ശ്രീകുമാരി രാമചന്ദ്രന് വിങ്സ് ഓഫ് സ്ട്രെങ്ത് അവാർഡ്



**കൊ**ച്ചി പി.എസ്. ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസിന്റെ പ്രഥമ വിങ്സ് ഓഫ് സ്ട്രെങ്ത് അവാർഡ് എഴുത്തുകാരി ശ്രീകുമാരി രാമചന്ദ്രൻ സ്വീകരിക്കുന്നു.

# പുസ്തകപ്രകാശനം

**ഒ.** സുഗുണൻ രചിച്ച് പൂർണ പ്രസിദ്ധീകരിച്ച 'യൂറോപ്പനുഭവം: ഓസ്ട്രിയ, ജർമ്മനി, ഫ്രാൻസ്' എന്ന യാത്രാവിവരണഗ്രന്ഥം എം. എൻ. കാരശ്ശേരി കെ. എസ്. വെങ്കിടാചലത്തിനു നൽകി പ്രകാശനം ചെയ്തു. ഡോ. സി. രാജേന്ദ്രൻ, യു. കെ. കുമാരൻ തുടങ്ങിയവർ സംസാരിച്ചു.



# സമ്മാനപ്പൊതി 8
## സീസൺ

ജനറൽ എഡിറ്റർ:
**ഡോ. കെ. ശ്രീകുമാർ**




### പ്രശസ്ത എഴുത്തുകാരുടെ
### 22 മികച്ച ബാലസാഹിത്യകൃതികൾ!

| | | |
|---|---|---|
| **ചുപ്പാമണി** (കഥ) | സി. രാധാകൃഷ്ണൻ | 65.00 |
| **വരൂ, ശാസ്ത്രജ്ഞരാവാം** (വൈജ്ഞാനികം) | പ്രൊഫ. എസ്. ശിവദാസ് | 160.00 |
| **ഗരുഡകഥകൾ** (പുനരാഖ്യാനം) | സിപ്പി പള്ളിപ്പുറം | 110.00 |
| **ഗണേശകഥകൾ** (പുനരാഖ്യാനം) | മലയത്ത് അപ്പുണ്ണി | 65.00 |
| **മാൾട്ടി** (കഥ) | വി.കെ. ശ്രീരാമൻ | 125.00 |
| **അച്ഛൻ പറഞ്ഞതും മകൻ അറിഞ്ഞതും** (വൈജ്ഞാനികം) | പി.കെ. ഗോപി | 95.00 |
| **മാന്ത്രികപ്പട്ടം** (നോവൽ) | വീരാൻകുട്ടി | 65.00 |
| **വൈകിവിടർന്ന മയിൽപ്പീലികൾ** (നോവൽ) | ജനു | 100.00 |
| **ഡ്രാക്കുളയുടെ നിധി** (നോവൽ) | ബിമൽകുമാർ രാമങ്കരി | 150.00 |
| **പൂങ്കിണ്ണം** (കവിത) | അസുരമംഗലം വിജയകുമാർ | 85.00 |
| **കുട്ടനും കുട്ടിക്കുരങ്ങനും** (നോവൽ) | വെണ്ണല മോഹൻ | 120.00 |
| **നിലാവിന്റെ തട്ടം** (കവിത) | ഇ. ജിനൻ | 85.00 |
| **മാനം തൊടുന്ന മരം** (കഥ) | സുനിൽ പി. മതിലകം | 55.00 |
| **പെൻസിലും ജലറാണിയും** (കഥ) | ആഗ്നയാമി | 65.00 |
| **നിമീലിത** (നോവൽ) | ഡോ. സുഷമ ബിന്ദു | 75.00 |
| **കാണാക്കാഴ്ചകൾ** (കഥ) | രാധികാദേവി റ്റി.ആർ. | 95.00 |
| **ആകാശപ്പഞ്ഞികൾ** (നോവൽ) | ഷസിയ | 65.00 |
| **അമ്പിളിയുരുളി** (കവിത) | സി. സാന്ദീപനി | 85.00 |
| **പ്രകൃതിപാഠം** (നോവൽ) | രമേഷ് വട്ടിങ്ങാവിൽ | 75.00 |
| **ലീഡർ ആമി** (നോവൽ) | ബീന മേലഴി | 55.00 |
| **അക്ഷരലഹരി** (ജീവചരിത്രം) | അഞ്ജലി രാജീവ് | 105.00 |
| **ഗോപ** (നോവൽ) | ഡോ. കെ. ശ്രീകുമാർ | 100.00 |

**22 പുസ്തകങ്ങളടങ്ങുന്ന സെറ്റിന്**

**മുഖവില ₹2000** | **പ്രത്യേക വില ₹1500**

കവർ ചിത്രം : **എൻ.ജി. സുരേഷ് കുമാർ** കവർ ഡിസൈൻ : **രാജേഷ് ചാലോട്** ചിത്രീകരണം : **അനിത ജിതിൻ**


# പൂർണ പബ്ലിക്കേഷൻസ്

POORNASREE MONTHLY

Date of Publication : 02 May 2024
REGISTERED RNI KERMAL/2007/29677
Registered No KL/CT/143/2022-2024

Price: ₹5
License No. KL/PMG/NR/WPP/48/KKD/2022-2024
Licence to Post without Pre Payment

വരൂ കുട്ടികളേ,
കടലോളം കഥകൾ വായിക്കാം!



പ്രശസ്ത ബാലസാഹിത്യകാരൻ ഡോ. കെ. ശ്രീകുമാറിന്റെ
ഇരുപത്തഞ്ച് ബാലസാഹിത്യകൃതികൾ മൂന്നു വാല്യങ്ങളിൽ!

ഉണ്ണ്യായേം പൊന്നു മുത്തശ്ശീം, അപ്പുക്കുട്ടനും ആകാശനാടും, കാക്കക്കുഞ്ഞും കൂട്ടുകാരും, ആലിപ്പഴം, ആരും പറയാത്ത കഥ, ദീപു, നങ്ങോലൻ, തക്കിടിമുണ്ടൻ, ടോട്ടോമാമൻ, കുഞ്ചിരാമാ സർക്കസ്, ബൊമ്മാവാല, പാമ്പാട്ടി, ജീമാജി, കഥ കഥച്ചു കഞ്ഞിവെച്ചു, കണ്ണൂര്, മയിൽപ്പീലി, നിറമുള്ള നന്മകൾ, ഒഴിവുകാലം, പൊന്നു, കഥയില്ലാക്കഥ, പ്രകൃതിയമ്മ, തട്ടാമ്പൊറത്തുണ്ണി, മഴ പെയ്യണ് മദ്ദളം കൊട്ടണ്, പൂക്കാലം, ഫ്രൈഡേഫൈവ്

# ബാലകഥാസാഗരം

അവതാരിക : പ്രിയ എ.എസ്

1735 പേജ്, മൂന്നു വാല്യം, ഹാർഡ് ബൗണ്ട്, ഡീലക്സ് പതിപ്പ്




വാല്യം 1
വില 650 രൂപ

വാല്യം 2
വില 650 രൂപ

വാല്യം 3
വില 650 രൂപ

മുഖവില
മൂന്നു വാല്യത്തിനും കൂടി 1950 രൂപ
ഒന്നിച്ചെടുക്കുമ്പോൾ പ്രത്യേകവില 1450 രൂപ

9746473334ൽ വിളിക്കൂ പുസ്തകം വീട്ടിലെത്തും (തപാൽ ചാർജ് സൗജന്യം)

Printed, Published, Edited, Owned by N.E. Manohar, Deepam, P.O. Puthiyara, Kozhikode-673004,
Published from TBS Building, G H Road, Kozhikode-673001,Kerala & Printed at Printarts Offset ,Feroke, Calicut